# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1975

13.06.2019 ലെ മറുപടിയ്ക്ക്

### അനധികൃത പാർക്കിംഗ് ഫീസ് പിരിവ്

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കെ.ആർ.എഫ്.ബി.യിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പാലങ്ങളുടെയും ഫ്ളൈ ഓവറുകളുടെയും വശങ്ങളിലും അടിയിലുമുള്ള സ്ഥലങ്ങളിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ആഭ്യന്തര വകുപ്പിന്റെ ട്രാഫിക് വാർഡൻമാരെ ഉപയോഗിക്കുന്നത് കെ.ആർ.എഫ്.ബി.യുടെ അനുമതിയോടെയാണോ; | (എ) & (ബി) | ആഭ്യന്തര വകുപ്പ് പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ട്രാഫിക് വാർഡൻമാരെ നിയോഗിച്ചിട്ടില്ല. |
| (ബി) | അല്ലെങ്കിൽ ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇപ്രകാരം പിരിച്ചെടുക്കുന്ന പാർക്കിംഗ് ഫീസിനത്തിലെ തുക ഏത് അക്കൗണ്ടിലാണ് അടച്ചുവരുന്നതെന്ന് അറിയിക്കുമോ; | | |
| (സി) | വിവിധ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് യൂണിഫോമിൽ നിയോഗിക്കുന്ന ട്രാഫിക് വാർഡൻമാർ അല്ലാതെ സ്വകാര്യ വ്യക്തികളോ ഏജൻസികളോ ട്രാഫിക് വാർഡൻമാരുടെ വേഷത്തിൽ ജീവനക്കാരെ നിയോഗിച്ച് തലസ്ഥാന നഗരിയിൽ ഉൾപ്പെടെ ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ; | (സി) & (ഡി) | തലസ്ഥാന നഗരിയിൽ തിരുവനന്തപുരം കോർപ്പറേഷൻ നേരിട്ടാണ് പാർക്കിംഗ് ഫീസ് പിരിക്കുന്നത്. മറ്റ് സ്ഥലങ്ങളിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇക്കാര്യത്തിൽ സ്വകാര്യ ഏജൻസികൾക്ക് പണപ്പിരിവ് നടത്തുന്നതിന് ആഭ്യന്തര വകുപ്പ് മൗനാനുമതി നൽകുന്നതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ